നം:എച്ച്റ്റി5-52449/14/ആ.വ.ഡ.

ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്,
തിരുവനന്തപുരം, തിയ്യതി: 23.11.2017

സർക്കുലർ

വിഷയം:- ആ.വ.ഡ-ജീവനക്കാര്യം - ആരോഗ്യവകുപ്പിലെ ഹെൽത്ത് ട്രാൻസ്പോർട്ട് വിഭാഗത്തിലെ- ഹെൽപ്പർ തസ്തികയിലെ ഒഴിവ് നികത്തുന്നതിലേയ്ക്കായി അപേക്ഷ ക്ഷണിക്കുന്നത്-സംബന്ധിച്ച്

സൂചന:- 16.08.1966-ലെ (ആർ.റ്റി) നം.2899/66/എച്ച്.എൽ.ഡി സർക്കാർ ഉത്തരവ്

:::::::::::

ആരോഗ്യവകുപ്പിൽ പത്തനംതിട്ട, ഇടുക്കി പാലക്കാട്, കോഴിക്കോട് ജില്ലകളിലുള്ള വർക്ക് ഷോപ്പുകളിൽ ഹെൽപ്പർ തസ്തികയിൽ ഒരോ ഒഴിവുകൾ വീതം നിലവിലുണ്ട്. പ്രസ്തുത തസ്തികയിൽ നിയമനം നൽകുന്നതിലേയ്ക്കായി ചുവടെ പറയുന്ന തസ്തികകളിൽ ആരോഗ്യവകുപ്പിൽ ജോലി ചെയ്ത് വരുന്ന ജീവനക്കാർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

1. ആശുപത്രി അറ്റൻഡർമാർ, ഫീൽഡ് വർക്കർമാർ (ഫിലേറിയ-വിഭാഗം)
2. ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ - ബൈ പ്രമോഷൻ വ്യവസ്ഥയിൽ

ഹെൽപ്പർ തസ്തികയിൽ അപേക്ഷിക്കുവാനുള്ള യോഗ്യത സാക്ഷരതയും, രണ്ട് വർഷം ആട്ടോമൊബൈൽ വർക്ക് ഷോപ്പിൽ ഹെൽപ്പറായിട്ടുള്ള പ്രവർത്തി പരിചയവുമാണ്.

അപേക്ഷകൾ ടി സർക്കുലർ തീയതി മുതൽ 30-ദിവസത്തിനകം ഉചിതമാർഗ്ഗേണ ടി കാര്യാലയത്തിൽ നൽകേണ്ടതാണ്. അപേക്ഷകൾ നിശ്ചിത പ്രൊഫോർമയിൽ നൽകേണ്ടതാണ്.

<u>പ്രൊഫോർമയിൽ ഉൾപ്പെടുത്തേണ്ടവ ചുവടെ ചേർക്കുന്നു.</u>

1. പേരും തസ്തികയും
2. ജനന തീയതി
3. വിദ്യാഭ്യാസ യോഗ്യത
4. സ്ഥിരമായി ജോലിയിൽ പ്രവേശിച്ച തീയതി
5. നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം
6. പ്രൊബേഷൻ കാലാവധി പൂർത്തിരിച്ചിട്ടുണ്ടോ
7. അച്ചടക്ക നടപടി നിലവിലുണ്ടോ
8. ആട്ടോമൊബൈൽസ് വർക്ക് ഷോപ്പിൽ ഹെൽപ്പറായി ജോലി ചെയ്തിട്ടുള്ള സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തിയത് (ഗസറ്റഡ് ആഫീസർ)
9. അപേക്ഷകന്റെ ഒപ്പ്
10. മേലധികാരിയുടെ ഒപ്പ്

സി.എം.അജയമോഹൻ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്

എല്ലാ ജില്ലാ മെഡിക്കൽ ആഫീസമാരും (ആരോഗ്യം)വെബ്സൈറ്റ് മുഖാന്തിരം (ജില്ലാ മെഡിക്കൽ ആഫീസമാർ ജില്ലക്കകത്തുള്ള സ്ഥാപനങ്ങളിൽ അറിയിപ്പ് നൽകേണ്ടതാണ്).

പകർപ്പ്

ആരോഗ്യവകുപ്പ് ഡയറക്ടർ/സി.എ.ഒ (സി.എ) മുഖേന/ വെബ്സൈറ്റ്
ഫയൽ/കരുതൽ ഫയൽ

എസ്.എൻ .23.11